M 8628

Reg. No.: ..............................

Name : ..............................

# II Semester B.Com./B.B.A./B.B.A. T.T.M./B.B.M. Degree (CCSS – Supple./Improve.) Examination, May 2015
## COMMON COURSE IN MALAYALAM
## 2 A 08 1 MAL : ഭാഷാസാഹിത്യ പഠനങ്ങൾ (2012/2013 Admn.)

Bhashayum Sahitha padanagal

Time : 3 Hours

Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം (വെയിറ്റേജ്) 1. **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളുടെ പേരെഴുതുക.

a) രണ്ടാമൂഴം

b) ഗുരുസാഗരം

c) കാലഭൈരവൻ

d) തല്പം

2) ഉത്തരമെഴുതുക.

a) ഹംബോൾഡ് ഗിഫ്റ്റ് എന്ന നോവലെഴുതിയതാര് ?

b) വിൻസെന്റ് വാങ്ഗോഗിന്റെ അനുജന്റെ പേരെന്ത് ?

c) 'അനർഘനിമിഷം' എന്ന കൃതി എഴുതിയതാര് ?

d) 'മലയാളത്തിന്റെ മുളംകാട്ടിൽ നിന്ന് വെട്ടിയെടുത്ത പാഴ്ത്തണ്ടിലൂടെ മധുരതരഗാനം' – ഏതു കൃതിയെക്കുറിച്ചാണ് എം. ടി. യുടെ പരാമർശം ?

3) "കാഴ്ചയിൽ അതൊരു ഹൃദയം പോലെ ഉണ്ടായിരുന്നു"

a) എന്തിനെക്കുറിച്ചാണ് പറയുന്നത് ?

b) ആരുടേതാണത് ?

c) ഏതു കഥ ?

d) എഴുതിയത് ആര് ?

P.T.O.

4) ഉത്തരമെഴുതുക.

a) കാസർകോടിനെ പഴമക്കാർ വിളിക്കുന്ന പേര് ?

b) 'ഹൊസ' എന്ന പദത്തിന് കന്നടത്തിലുള്ള അർത്ഥം ?

c) മലബാർ ചാർളി ചാപ്ലിൻ എന്നറിയപ്പെട്ട നാടകക്കാരൻ ?

d) 'ഗോത്ര സ്മൃതി' എന്ന ഹ്രസ്വചിത്രം അണിയിച്ചൊരുക്കിയതാര് ?

5) ഉത്തരമെഴുതുക.

a) ഇരട്ടമൊഴിത്തം വളരെ സ്ഫുടമായി നിലനിർത്തുന്ന ഭാഷകളാണ് ______ ഉം ______ ഉം.

b) 'ഒറ്റവാതിൽ' എന്ന കഥ എഴുതിയതാര് ?

c) ബ്ലൂംഫീൽഡിന്റെ Ghost Word ന് സമാനമായി വേണുഗോപാലപ്പണിക്കർ പ്രയോഗിച്ച പദമേത് ?

d) 'കേരളപാണിനീയ ഭാഷ്യം' രചിച്ചതാര് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) ''ഗുരു എന്താ ഈ കാട്ടുന്നത് ? പാതിരാക്ക് മനുഷ്യനെ പേടിപ്പിക്കാനാണോ കത്തിയും കഠാരിയുമായി നിൽക്കുന്നത് ?'' ആരുടെ വാക്കുകൾ ? സന്ദർഭം വ്യക്തമാക്കുക.

7) 'കഴിയുമെങ്കിൽ മലയാളഭാഷാപഠനം ഒഴിവാക്കുന്നതാണ് നല്ലതെന്ന് പരോക്ഷമായെങ്കിലും പ്രേരിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം ഇവിടെ ഇപ്പോഴും നിലനിൽക്കുന്നു' – വിശദമാക്കുക.

8) കടയനെല്ലൂർ എന്ന ഗ്രാമത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

9) ''ഇംഗ്ലീഷ് മടുക്കുന്ന ഇന്ദുലേഖയെ സങ്കൽപ്പിക്കാനേ അവില്ല ?'' ആരുടെ വാക്കുകൾ ? വിശദമാക്കുക.

10) മാപ്പിളപ്പാട്ടിലെ ഭാഷയുടെ പ്രത്യേകതകൾ വിശദമാക്കുക.

11) ''മണ്ണിൽ പണിയെടുത്ത് മണ്ണിൽത്തന്നെ കിടന്നുറങ്ങുന്നു. പിന്നെന്തിനാ കുളിക്കുന്നത്?'' ആരുടെ വാക്കുകൾ ? സന്ദർഭം വ്യക്തമാക്കുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

12) വിൻസെന്റ് വാങ്ഗോഗിന്റെ കലാജീവിതം വിവരിക്കുക.

13) 'ബഷീർ എന്ന മനുഷ്യൻ ഒരു പരസ്യവിഭാഗം കെട്ടിച്ചമച്ച 'ലെജൻഡി'ൽ ഒതുങ്ങുന്നില്ല' – വിശദമാക്കുക.

14) വയനാട്ടു കുലവൻ ഭ്രഷ്ടനാക്കപ്പെട്ട വ്യക്തിയാകുന്നതെങ്ങനെ ? വ്യക്തമാക്കുക.

15) മലയാളഭാഷയുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് വിവരിക്കുക.

16) 'ശിക്ഷിക്കപ്പെടുന്നവന്റെയും ശിക്ഷിക്കുന്നവന്റെയും സമ്മുക്ത പ്രതികരണമായിട്ടാണല്ലോ മരണം സംഭവിക്കേണ്ടത് '' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

17) 'ഇന്ദുലേഖ രണ്ടാം ദിവസം' എന്ന കഥ ഉയർത്തുന്ന വിമർശനങ്ങൾ എന്തെല്ലാം ? വിവരിക്കുക.

18) 'തൊൽകാപ്പിയം' – കുറിപ്പെഴുതുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

19) 'ചെങ്ങന്നൂർ വണ്ടി' എന്ന കഥയുടെ ആഖ്യാനപരമായ മേന്മകൾ വിശകലനം ചെയ്യുക.

20) വൈക്കം മുഹമ്മദ് ബഷീറിന്റെ വ്യക്തിവിശേഷങ്ങളെക്കുറിച്ച് എം. ടി. നടത്തുന്ന നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

21) 'പറുദീസാ നഷ്ടം' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

22) കാസർകോടൻ ഗ്രാമങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക.

23) മലയാളത്തിലെ അകാരങ്ങളെക്കുറിച്ചുള്ള ടി. ബി. വേണുഗോപാലപ്പണിക്കരുടെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

---